എറണാകുളം ജില്ലയിലെ ഗവൺമെന്റ് പ്രസ്സിലേക്കുള്ള കോപ്പി ഹോൾഡർ തസ്തികയിലേക്കുള്ള നിയമനം

55(796)ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 മേയ് മാസത്തിൽ എറണാകുളം ജില്ലയിലെ ഗവൺമെന്റ് പ്രസ്സിന് കോപ്പിഹോൾഡർ തസ്തികയ്ക്ക് വേണ്ടി നടത്തിയ പി.എസ്.സി പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് ഇതുവരേയും പ്രസിദ്ധീകരിച്ചിട്ടില്ല എന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ടെസ്റ്റിന്റെ റിസൾട്ട് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കയ്യൂർ-കരിവെള്ളൂർ-പുന്നപ്ര വയലാർ കാവുംപായി സമരങ്ങളിൽ പങ്കെടുത്തവർക്ക് കേന്ദ്ര പെൻഷൻ

56(797)ശ്രീ. കെ.പി. സതീശ്ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയ്യൂർ, കരിവെള്ളൂർ, പുന്നപ്രവയലാർ കാവുംപായി സമരങ്ങളിൽ പങ്കെടുത്തവർക്ക് കേന്ദ്ര പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ചതിനെതുടർന്ന് എത്ര അപേക്ഷകൾ ഇതിനകം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ അപേക്ഷകളിൽ ഓരോ ജില്ലയിലും എത്ര അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ടെന്നും എത്ര പേർക്ക് പെൻഷൻ ലഭിച്ചിട്ടുണ്ടെന്നും ഉള്ള വിവരം അറിയിക്കുമോ?

ഉത്തരം

(എ) കയ്യൂർ, കരിവെള്ളൂർ, പുന്നപ്ര വയലാർ, കാവുംപായി സമരങ്ങൾ കേന്ദ്രസർക്കാർ അംഗീകരിച്ചതിനുശേഷം എറണാകുളം ഒഴികെയുള്ള ജില്ലകളിലായി മൊത്തം 1903 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഈ അപേക്ഷകളിൽ ജില്ലാ കളക്ടർമാർ 431 എണ്ണം ശുപാർശ ചെയ്തിട്ടുണ്ട്. (കോട്ടയം-1, കാസർകോഡ്-28, തൃശൂർ-1, കണ്ണൂർ-97, ആലപ്പുഴ-294, കൊല്ലം-10). ഇതിനകം 10 പേർക്ക് പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. (ആലപ്പുഴ-8, കണ്ണൂർ-1, കൊല്ലം-1)

ധീരതയ്ക്കുള്ള അവാർഡ്

57(798)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്ത് എത്ര പേർക്ക് ജീവൻരക്ഷാ പഥക് അവാർഡും എത്ര ശിശുക്കൾക്ക് ധീരതയ്ക്കുള്ള അവാർഡും ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വർക്കലയിൽ രാത്രി സമയത്ത് കിണറ്റിൽ എറിയപ്പെട്ട രണ്ട് ശിശുക്കളിൽ ഒരാൾ കിണറ്റിന്റെ അരുകിൽ പിടിച്ചുകിടന്ന് രണ്ടാമത്തെ ശിശുവിനെ മണിക്കൂറുകളോളം വെള്ളത്തിൽ താഴ്ന്നു പോകാതെ ജീവൻ രക്ഷിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സംഭവം എന്നായിരുന്നു എന്നും ഏതു പോലീസ് സ്റ്റേഷനതിർത്തിയിലായിരുന്നു എന്നും പ്രസ്തുത കുട്ടികളുടെ പേരും മേൽവിലാസവും വയസ്സും എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) മരണത്തെ ധീരമായി അതിജീവിച്ച പ്രസ്തുത കുട്ടികൾക്ക് ധീരതയ്ക്കുള്ള അവാർഡും ജീവൻ രക്ഷാപഥക്കിനുള്ള അവാർഡും ലഭ്യമാക്കുവാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) കൊല്ലം റെയിൽവേ സ്റ്റേഷനിൽ ഫ്ളാറ്റ് ഫോം മുറിച്ച് കടന്നശേഷം കൂട്ടുകാരികളെ ട്രെയിനിനു മുൻപിൽ നിന്നും രക്ഷിക്കുവാൻ തിരികെ ട്രാക്കിലേക്കുപോയ ഒരു പെൺകുട്ടി മറ്റു പെൺകുട്ടികൾക്കൊപ്പം ട്രെയിനിനു മുമ്പിലാകെപ്പെടുകയും കാൽ നഷ്ടപ്പെടുകയും ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത സംഭവം എന്നായിരുന്നു എന്നും എത്ര പെൺകുട്ടികൾ മരിച്ചു എന്നും കാൽ നഷ്ടപ്പെട്ട പെൺകുട്ടി ആരായിരുന്നു എന്നും വ്യക്തമാക്കുമോ;

(ജി) കാൽ നഷ്ടപ്പെട്ട പ്രസ്തുത പെൺകുട്ടിക്ക് ജീവൻരക്ഷാ പഥക് ലഭിക്കുവാൻ അർഹതയുണ്ടോ;

(എച്ച്) സംസ്ഥാനത്ത് അർഹതയുള്ള പലർക്കും യഥാസമയം അപേക്ഷ നൽകാത്തതിനാൽ ധീരതയുള്ള അവാർഡ് ലഭിക്കാതിരിക്കുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്ത് സംസ്ഥാനത്ത് 45 പേർക്ക് ജീവൻരക്ഷാപഥക്കും 6 കുട്ടികൾക്ക് ധീരതക്കുള്ള അവാർഡും ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വർക്കല പോലീസ് സ്റ്റേഷനതിർത്തിയിൽ 6.7.'99 രാത്രി 9.30 നുശേഷമാണ് സംഭവം നടന്നത്. അയിരൂർ വില്ലേജിൽ ഇലകമൺ വാർഡിൽ പാളയംകുന്ന് ജനാതമുക്കിന് സമീപം വിളയിൽ വീട്ടിൽ രാജേന്ദ്രൻ, ഉഷ എന്നിവരുടെ മക്കളായ ലിസി (12 വയസ്) രജിൽ(9 വയസ്) എന്നിവരെയാണ് കുട്ടികളുടെ അച്ഛൻ കിണറ്റിലെറിഞ്ഞത്.

(ഡി) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എങ്കിലും ഇക്കാര്യം പരിശോധിക്കുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്) സംഭവം നടന്നത് 17.6.1997 ൽ ആണ്. മൂന്ന് പെൺകുട്ടികൾ മരിച്ചു. പരവൂർ കുറുമണ്ടർ നാടുവഴി വീട്ടിൽ ലാവണ്യ എന്ന പെൺകുട്ടിക്ക് കാൽ നഷ്ടപ്പെട്ടു.

(ജി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ലഭിച്ചതായി കാണുന്നില്ല. എങ്കിലും ഇതു സംബന്ധിച്ച് മേൽ നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ജീവൻരക്ഷാപഥക് അവാർഡിനും മറ്റും പരിശോധിക്കപ്പെടണമെങ്കിൽ സംഭവം നടന്ന് മൂന്നുമാസത്തിൽ ഇതു സംബന്ധിച്ച ശുപാർശ കേന്ദ്ര ഗവൺമെന്റിന് ലഭിച്ചിരിക്കണം. എന്നാൽ ഈ നിബന്ധനകൊണ്ടുമാത്രം ആർക്കെങ്കിലും അവാർഡ് ലഭിക്കാതിരുന്നതായി അറിവായിട്ടില്ല.

വീരമൃത്യു പ്രാപിച്ച അജികുമാറിന്റെ ആശ്രിതർക്ക് ജോലി നൽകുന്നതിന് നടപടി

58(799)ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജമ്മു കാശ്മീരിലെ ദോടയിൽ പാക്കിസ്ഥാൻ തീവ്രവാദികളുമായുണ്ടായ ഏറ്റുമുട്ടലിൽ 15-2-1999 ൽ വീരമൃത്യു പ്രാപിച്ച കെ. അജികുമാറിന്റെ അച്ഛൻ എൻ. കൃഷ്ണൻ നായർ, പനയറ. വട്ടത്തുവീട്, കാരിക്കോണത്ത്, ചാങ്ങ, വെള്ളനാട് നൽകിയ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീരമൃത്യു വരിച്ച മകന്റെ ആശ്രിത എന്ന നിലയിൽ കെ. അനിതാകുമാരിക്ക് അനുയോജ്യമായ ഒരു ജോലി നൽകുന്നതു സംബന്ധിച്ച് സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) യുദ്ധ മേഖലയിൽ വെച്ചു കൊല്ലപ്പെടുകയോ മരണമടയുകയോ ചെയ്യുന്ന പ്രതിരോധസേനയിലെ സൈനികരുടെ ആശ്രിതരിൽ ഒരാൾക്ക് സംസ്ഥാന സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം അജികുമാറിന്റെ ആശ്രിതർക്ക് ജോലി നൽകുന്ന കാര്യം ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

കണ്ണൂരിലെ ആയുധശേഖരം

59 (800)ശ്രീ. കെ. സുധാകരൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി രാധാ രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ ആയുധം കണ്ടെത്തുന്നതിന് എത്ര പോലീസ് ആഫീസർമാരേയും കോൺസ്റ്റബിൾമാരേയും മറ്റു ജീവനക്കാരെയും നിയോഗിച്ചു;

(ബി) ഇവർ ആയുധം കണ്ടെത്താൻ എത്ര ദിവസം തിരച്ചിൽ നടത്തി;

(സി) ഇവർക്കുവേണ്ടി ഒട്ടാകെ എന്തു ചെലവുണ്ടായി;

(ഡി) ഇവർ ഏതെല്ലാം ആയുധങ്ങൾ പിടിച്ചെടുത്തു;

(ഇ) കണ്ണൂരിൽ അവിഹിതമായി ശേഖരിച്ചിട്ടുള്ള ആയുധങ്ങൾ മുഴുവൻ ഇവർ പിടിച്ചെടുത്തുവോ;

LIBRARY ARCHIVES Kerala Legislative Assembly